**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2212** **05-02-2026-ൽ മറുപടിയ്ക്ക്**

**<u>മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാരുടെ ശമ്പള പരിഷ്കരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ഡോ. എം. കെ. മുനീർ ശ്രീ. കെ. മുരളീധരൻ

ഡോ. എം. കെ. മുനീർ (ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** സർക്കാർ മെഡിക്കൽ കോളേജ് അധ്യാപകർ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് നടത്തിവരുന്ന സമരം മൂലം രോഗികൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് അവസാനിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഡോക്ടർമാരുടെ സമരംമൂലം ചികിത്സയ്ക്ക് തടസ്സം സൃഷ്ടിക്കാത്ത തരത്തിൽ ക്രമീകരണം നടത്തിയിട്ടുണ്ട്.

**(ബി)** സർക്കാർ മെഡിക്കൽ കോളേജുകളിൽ പി.എസ്.സി. വഴി നിയമനം ലഭിക്കുന്ന പുതിയ ഡോക്ടർമാർ ജോലിക്ക് ചേരാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** നിയമന ഉത്തരവ് ലഭിച്ച ചിലർ ജോലിയ്ക്ക് ചേരാത്തവരായി ഉണ്ട്.

**(സി)** സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകളിലായി എത്ര അധ്യാപകരുടെ ഒഴിവുകൾ നിലവിലുണ്ടെന്ന് അറിയിക്കുമോ;

**<u>മറുപടി:</u>** 03.12.2025-ന് സൃഷ്ടിച്ച തസ്തികകൾ ഉൾപ്പെടെ വിവിധ മെഡിക്കൽ കോളേജുകളിലായി അദ്ധ്യാപകരുടെ 475 ഒഴിവുകൾ നിലവിലുണ്ട്. അതിൽ ക്ലിനിക്കൽ വിഭാഗത്തിൽ 26 പ്രൊഫസർ, 57 അസോസിയേറ്റ് പ്രൊഫസർ, 283 അസിസ്റ്റന്റ് പ്രൊഫസർ എന്നിങ്ങനെ ആകെ 366ഒഴിവുകളും നോൺ ക്ലിനിക്കൽ വിഭാഗത്തിൽ 15-പ്രൊഫസർ, 25-അസോസിയേറ്റ് പ്രൊഫസർ, 69-അസിസ്റ്റന്റ് പ്രൊഫസർ എന്നിങ്ങനെ 109 അദ്ധ്യാപകരുടെ ഒഴിവുകളും ഉൾപ്പെടുന്നു. പ്രൊഫസർ & അസോസിയേറ്റ് പ്രൊഫസർ തസ്തികകളിലെ ഒഴിവുകൾ റഗുലർ/താത്കാലിക സ്ഥാനക്കയറ്റം മുഖേന നികത്തിവരുന്നു. അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി-യിൽ നിന്നും നിയമനം ലഭിക്കുന്നതുവരെയുള്ള കാലയളവിലേയ്ക്ക് എൻട്രികേഡർ (അസിസ്റ്റന്റ് പ്രൊഫസർ) നിയമനങ്ങൾ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അതാത് പ്രിൻസിപ്പൽമാർക്ക് അനുമതി നൽകിയിട്ടുണ്ട്. ഇത്തരത്തിൽ എൻട്രികേഡർ തസ്തികകളിൽ നിയമനം നടത്തി ആശുപത്രിയുടെ സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തിയിട്ടുണ്ട്.

**(ഡി)** സർക്കാർ മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാരുടെ ശമ്പളപരിഷ്കരണം അവസാനമായി നടപ്പിലാക്കിയത് എന്നുമുതലാണ്; അതിന്റെ പ്രാബല്യ തീയതി വ്യക്തമാക്കുമോ;

ശമ്പളപരിഷ്കരണത്തിന്റെ കുടിശിക എത്ര മാസത്തെ വിതരണം ചെയ്യാൻ ബാക്കിയുണ്ടെന്നറിയിക്കുമോ?

**<u>മറുപടി:</u>** സ.ഉ.(പി)54/2020/H&FWD, തീയതി:11/09/2020 പ്രകാരമാണ് ഡോക്ടർമാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുള്ളത്. ഇതിന്റെ പ്രാബല്യ തീയതി 01/01/2016 ആണ്. 01/01/2016 മുതൽ സെപ്റ്റംബർ 2020 വരെയുള്ള കുടിശ്ശിക നൽകുവാനുണ്ട്.

**സെക്ഷൻ ഓഫീസർ**